**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** **26-07-2021 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരളയിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി. ടി. എ. റഹീം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പരിപാടിയിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിവരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിക്ക് കീഴിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ വരുന്ന പ്രവൃത്തി തിരുവനന്തപുരം എയർപോർട്ട് ശംഖുമുഖം റോഡ് പുനരുദ്ധാരണമാണ്. ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടമായ ഡയഫ്രം വാൾ നിർമ്മാണത്തിന് 639 ലക്ഷം രൂപയുടെയും 2-ാം ഘട്ടമായ റോഡിനുള്ള 166 ലക്ഷം രൂപയുടെ (മൊത്തം 805 ലക്ഷം രൂപ) പുതുക്കിയ ഭരണാനുമതി ആർ.കെ.ഐ മുഖാന്തിരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി M/s ULCC എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്പനി പണി ആരംഭിക്കുകയും, 4 മീറ്ററോളം ദൂരത്തിൽ കോൺക്രീറ്റ് ഡയഫ്രം വാൾ നിർമ്മിക്കുകയും ചെയ്തു. ഇതു കൂടാതെ ഏകദേശം 200 മീറ്റർ ദൈർഘ്യത്തിൽ സ്റ്റീൽ ഷീറ്റ് പൈലുകൾ സ്ഥാപിക്കുകയും, ഡയഫ്രം വാൾ നിർമ്മാണ പ്രവൃത്തിക്കായി ഗൈഡ് വാൾ നിർമ്മിക്കുകയും ഏകദേശം 5500 ക്യൂബിക് മീറ്റർ മണ്ണ് ഇറക്കുകയും ചെയ്തു. എന്നാൽ യാസ്, ടൗട്ടെ എന്നീ ചുഴലിക്കാറ്റിന്റെ ഫലമായി ഏകദേശം 4000 ക്യൂബിക് മീറ്റർ മണ്ണ് കടലെടുക്കുകയും നിർമ്മാണം പൂർത്തിയാക്കിയ ഗൈഡ് വാൾ ഏകദേശം 100 മീറ്ററോളം നീളത്തിൽ തകർന്നു വീഴുകയും ചെയ്തു. കടൽ ക്ഷോഭം, വേലിയേറ്റം എന്നിവ കാരണം പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതായി വന്നു. കടൽ ഉൾവലിയുന്ന മുറയ്ക്ക് ആഗസ്റ്റ് ആദ്യവാരം പ്രവൃത്തികൾ പുനരാരംഭിക്കാൻ ലക്ഷ്യമിടുന്നു. സമീപമുള്ള വീടുകൾ സംരക്ഷിക്കുന്നതിനായി ഷീറ്റ് പൈലിംഗ് നടത്തിയിട്ടുണ്ട്. പാലം വിഭാഗത്തിനു കീഴിൽ നടത്തിവരുന്ന പ്രധാന പ്രവൃത്തികൾ താഴെപ്പറയുന്നു. 1. ആലപ്പുഴ ജില്ലയിലെ ശാർങ്ങക്കാവ് പാലത്തിന്റെ |

| | | | |
|---|---|---|---|
| | | | പുനർനിർമ്മാണത്തിനായി 12.5 കോടി രൂപയുടെ ഭരണാനുതി ആസൂത്രണ സാമ്പത്തികകാര്യ(RKI) വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 2. പത്തനംതിട്ട ജില്ലയിലെ ഐരാവൺ പാലത്തിന്റെ നിർമ്മാണത്തിനായി 12.25 കോടി രൂപയുടെ ഭരണാനുമതി തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഡിസൈൻ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടിയായി മണ്ണ് പരിശോധനയും, സൈറ്റ് ഇൻവെസ്റ്റിഗേഷനും ആരംഭിച്ചിട്ടുണ്ട്.. 3. എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പുതിയ ടു ലെയ്ൻ പാലത്തിന്റെ നിർമ്മാണത്തിനായി 30 കോടി രൂപക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പാലത്തിന്റെ ഭരണാനുമതിക്കായുള്ള (2210 ലക്ഷം രൂപ) പ്രൊപ്പോസൽ ആസൂത്രണ സാമ്പത്തിക കാര്യ(RKI) വകുപ്പ് പരിശോധിച്ചു വരുന്നു. പൊതുമരാമത്ത് കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ പ്രളയത്തിൽ തകർന്ന റോഡുകളാണ് പുനർ നിർമ്മിക്കുന്നത്. 362 കി.മീ വരുന്ന 12 റോഡുകൾ ലോകബാങ്ക് ധനസഹായത്തോടു കൂടിയും 415 കി.മീ വരുന്ന 18 റോഡുകൾ ജർമ്മൻ ബാങ്ക് ധനസഹായത്തോടു കൂടിയുമാണ് പുനർ നിർമ്മിക്കുന്നത്. 30 റോഡുകളിൽ 22 റോഡിന്റെ പ്രവൃത്തികൾക്കായി എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (ബി) | മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിക്ക് കീഴിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ വരുന്ന പ്രവൃത്തി തിരുവനന്തപുരം എയർപോർട്ട് ശംഖുമുഖം റോഡ് പുനരുദ്ധാരണമാണ്. ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടമായ ഡയഫ്രം വാൾ നിർമ്മാണത്തിന് 639 ലക്ഷം രൂപയുടെയും 2-ാം ഘട്ടമായ റോഡിനുള്ള 166 ലക്ഷം രൂപയുടെ (മൊത്തം 805 ലക്ഷം രൂപ) പുതുക്കിയ ഭരണാനുമതി ആർ.കെ.ഐ മുഖാന്തിരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി M/s ULCC എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്പനി പണി ആരംഭിക്കുകയും, 4 മീറ്ററോളം ദൂരത്തിൽ കോൺക്രീറ്റ് ഡയഫ്രം വാൾ നിർമ്മിക്കുകയും ചെയ്തു. ഇതു കൂടാതെ ഏകദേശം 200 മീറ്റർ ദൈർഘ്യത്തിൽ സ്റ്റീൽ ഷീറ്റ് പൈലുകൾ സ്ഥാപിക്കുകയും, ഡയഫ്രം വാൾ നിർമ്മാണ പ്രവൃത്തിക്കായി ഗൈഡ് വാൾ നിർമ്മിക്കുകയും ഏകദേശം 5500 ക്യൂബിക് മീറ്റർ മണ്ണ് ഇറക്കുകയും ചെയ്തു. എന്നാൽ യാസ്, ടൗട്ടെ എന്നീ ചുഴലിക്കാറ്റിന്റെ ഫലമായി ഏകദേശം 4000 ക്യൂബിക് |

| | | | |
|---|---|---|---|
| | | | മീറ്റർ മണ്ണ് കടലെടുക്കുകയും നിർമ്മാണം പൂർത്തിയാക്കിയ ഗൈഡ് വാൾ ഏകദേശം 100 മീറ്ററോളം നീളത്തിൽ തകർന്നു വീഴുകയും ചെയ്തു. കടൽ ക്ഷോഭം, വേലിയേറ്റം എന്നിവ കാരണം പ്രവൃത്തികൾ നിർത്തിവയ്ക്കേണ്ടതായി വന്നു. കടൽ ഉൾവലിയുന്ന മുറയ്ക്ക് ആഗസ്റ്റ് ആദ്യവാരം പ്രവൃത്തികൾ പുനരാരംഭിക്കാൻ ലക്ഷ്യമിടുന്നു. സമീപമുള്ള വീടുകൾ സംരക്ഷിക്കുന്നതിനായി ഷീറ്റ് പൈലിംഗ് നടത്തിയിട്ടുണ്ട്. പാലം വിഭാഗത്തിനു കീഴിൽ നടത്തിവരുന്ന പ്രധാന പ്രവൃത്തികൾ താഴെപ്പറയുന്നു. 1. ആലപ്പുഴ ജില്ലയിലെ ശാർങ്ങക്കാവ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 12.5 കോടി രൂപയുടെ ഭരണാനുതി ആസൂത്രണ സാമ്പത്തികകാര്യ(RKI) വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 2. പത്തനംതിട്ട ജില്ലയിലെ ഐരാവൺ പാലത്തിന്റെ നിർമ്മാണത്തിനായി 12.25 കോടി രൂപയുടെ ഭരണാനുമതി തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ ഡിസൈൻ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടിയായി മണ്ണു പരിശോധനയും, സൈറ്റ് ഇൻവെസ്റ്റിഗേഷനും ആരംഭിച്ചിട്ടുണ്ട്.. 3. എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പുതിയ ടു ലെയ്ൻ പാലത്തിന്റെ നിർമ്മാണത്തിനായി 30 കോടി രൂപക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പാലത്തിന്റെ ഭരണാനുമതിക്കായുള്ള (2210 ലക്ഷം രൂപ) പ്രൊപ്പോസൽ ആസൂത്രണ സാമ്പത്തിക കാര്യ(RKI) വകുപ്പ് പരിശോധിച്ചു വരുന്നു. പൊതുമരാമത്ത് കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ പ്രളയത്തിൽ തകർന്ന റോഡുകളാണ് പുനർ നിർമ്മിക്കുന്നത്. 362 കി.മീ വരുന്ന 12 റോഡുകൾ ലോകബാങ്ക് ധനസഹായത്തോടു കൂടിയും 415 കി.മീ വരുന്ന 18 റോഡുകൾ ജർമ്മൻ ബാങ്ക് ധനസഹായത്തോടു കൂടിയുമാണ് പുനർ നിർമ്മിക്കുന്നത്. 30 റോഡുകളിൽ 22 റോഡിന്റെ പ്രവൃത്തികൾക്കായി എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്ന തരത്തിലുള്ള നിർമ്മാണമാണോ ആസൂത്രണം ചെയ്തിരിക്കുന്നതെന്നും അതിനായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളേതൊക്കെയാണെന്നും അറിയിക്കാമോ? | (സി) | കെ.എസ്.ടി.പി മുഖേന ഏറ്റെടുത്ത് പുനർ നിർമ്മിക്കുന്ന റോഡുകൾ പ്രളയ അതിജീവന ക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തിയാണ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്. പ്രവൃത്തികളിൽ ചുവടെ വിവരിക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു വരുന്നു. i. Soil Nailing ii. Geo cells & Cellular |

| | | | |
|---|---|---|---|
| | | | confinement System iii. Cold Recycling iv. Permeable Pavement Construction v. Segmental block reinforced earthen walls using geogrids vi. Hydroseeding vii. Cement treated sub base/CTB viii. Pavement Quality Concrete 2018-ലെ കടൽ ക്ഷോഭവും പ്രളയവും നിമിത്തം ശംഖുമുഖം മുതൽ ഡൊമസ്റ്റിക് എയർപോർട്ട് വരെയുള്ള ബീച്ച് റോഡും സംരക്ഷണ ഭിത്തിയും 275 മീറ്ററോളം തകരാറിലായതിനാൽ പ്രസ്തുതഭാഗത്ത് സാധാരണ രീതിയിലുള്ള സംരക്ഷണ ഭിത്തിയും റോഡ് നിർമ്മാണവും ഉചിതമല്ലാത്തതുകൊണ്ട് ശാസ്ത്രീയരീതിയിൽ പുനരുദ്ധാരണം നടത്തുന്നതിനായി സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.ആർ.ആർ.ഐ) ന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തീര സംരക്ഷണത്തിന് അനുയോജ്യമായ ഡയഫ്രം വാൾ നിർമ്മാണം ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ പ്രാപ്തമാകും വിധവും സുഗമമായ ജലപ്രവാഹം ഉറപ്പാകും വിധവുമാണ് പാലങ്ങളുടെ അലൈൻമെന്റ് ക്രമീകരിക്കുയും ഡിസൈൻ തയ്യാറാക്കുകയും ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കെ.എസ്.റ്റി.പി നടപ്പിലാക്കിവരുന്ന റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | ജില്ല | നിയോജക മണ്ഡലം | കരാർ തുക. (കോടി) | ആരംഭിച്ച തീയതി | പദ്ധതി പുരോഗതി |
|---|---|---|---|---|---|---|
| 1 | ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് (24.164 കി.മീ.) | ആലപ്പുഴ, കോട്ടയം | അമ്പലപ്പുഴ, കുട്ടനാട്, ചങ്ങനാശ്ശേരി | 671.66 | 30.12.2020 | പണി പ്രാരംഭദിശയിലാണ്. |
| 2 | എട്ടൂർ -കമ്പനിനിരത്ത് -ആനപന്തി -അങ്ങാടികടവ് -വാണിയപ്പാറ -ചരൽ -വളവുപാറ -കച്ചേരികടവ് -പാലത്തുംകടവ് റോഡ് (24.45 കി.മീ.) | കണ്ണൂർ | പേരാവൂർ | 136.2 | 21.12.2020 | പണി പ്രാരംഭദിശയിലാണ്. |
| 3 | ഉരുവച്ചാൽ - മണക്കായി - വാളയാൽ (വാളയാൽ അക്വാഡക്റ്റ് ന സമാന്തരമായുള്ള പാലം ഉൾപ്പെടെ-കീഴല്ലൂർ - തേരൂർ - പാലയോട് - വെള്ളപ്പറമ്പ് - കരിമ്പല കോളനി - മരുത്തായി റോഡ് (18.46 കി.മീ.) | കണ്ണൂർ | മട്ടന്നൂർ | 106.94 | 20.04.2021 | പണി പ്രാരംഭദിശയിലാണ്. |
| 4 | കുമ്പള -ബദിയടുക്ക -മുള്ളേരിയ റോഡ് (29.135 കി.മീ.) | കാസർകോട് | കാസർകോട് മഞ്ചേശ്വരം | 167.99 | 21.01.2021 | പണി പ്രാരംഭദിശയിലാണ്. |
| 5 | പെരുമ്പിലാവ് - നിലമ്പൂർ റോഡ് (30.85 കി.മീ.) | മലപ്പുറം | പെരിന്തൽമണ്ണ | 150.48 | 20.01.2021 | പണി പ്രാരംഭദിശയിലാണ്. |
| 6 | കൊയിലാണ്ടി -എടവണ്ണ റോഡ് (31.50 കി.മീ.) | മലപ്പുറം | ഏറനാട്, മലപ്പുറം, മഞ്ചേരി | 189.76 | 23.11.2020 | പണി പ്രാരംഭദിശയിലാണ്. |
| 7 | പാലക്കാട് - പെരിന്തൽമണ്ണ റോഡ്(36.80 കി.മീ.) | പാലക്കാട് | മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം | 323 | 27.01.2021 | പണി പ്രാരംഭദിശയിലാണ്. |

| | | | | | | |
|---|---|---|---|---|---|---|
| 8 | താവളം - മുളളി റോഡ് (28.50 കി.മീ.) | പാലക്കാട് | മണ്ണാർക്കാട് | 138.78 | 23.11.2020 | പണി പ്രാരംഭദിശയിലാണ്. |
| 9 | മാനന്തവാടി - വിമലനഗർ - കുളത്തട - വാലാട് എച്ച്. എസ്- പെരിയ റോഡ് (27.30 കി.മീ.) | വയനാട് | മാനന്തവാടി | 107.45 | 01.03.2021 | പണി പ്രാരംഭദിശയിലാണ്. |
| 10 | വൈത്തിരി - തരുവണ്ണ റോഡ് (21.835 കി.മീ.) | വയനാട് | കൽപ്പറ്റ | 68.27 | 10.3.2021ന് കരാർ ഒപ്പു വെച്ചു | പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| 11 | കൊയിലാണ്ടി - താമരശ്ശേരി - മുക്കം - അരീക്കോട് - ഇടവണ്ണ റോഡ് (കോഴിക്കോട് ജില്ല ) (51.03 കി.മീ.) | കോഴിക്കോട് | കൊയിലാണ്ടി, ബാലുശ്ശേരി, കൊടുവളളി, തിരുവമ്പാടി | 235.01 | 18.03.2021 | പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചു. |
| 12 | മൂക്കന്നൂർ - ഏഴാറ്റുംമുഖം റോഡ് - ബ്ലാച്ചിപ്പാറ -പാലിശ്ശേരി റോഡ് (19.95 കി.മീ.) | എറണാകുളം | അങ്കമാലി | 91.88 | 03.05.2021 | കരാർ ഒപ്പു വെച്ചു. |
| 13 | കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ്.എച്ച് റോഡ്(34.35 കി.മീ.) | തൃശ്ശൂർ | കൊടുങ്ങല്ലൂർ, ഇരിഞ്ഞാലക്കുട, നാട്ടിക, തൃശ്ശൂർ | 203.22 | 08.03.2021 | കരാർ ഒപ്പു വെച്ചു. |
| 14 | മല്ലപ്പളളി - കോമളം -പടുതോട് -കല്ലുപ്പാറ - ചെങ്ങരൂർ - കോമളം - കവുങ്ങുംപ്രയാർ- പട്ടക്കാല - ടി. എം. വി റോഡ്(23.123 കി.മീ.) | പത്തനംതിട്ട | തിരുവല്ല | 102.89 | 09.04.2021 | കരാർ ഒപ്പു വെച്ചു. |
| 15 | വീയപുരം - എടത്വാ - പുതുക്കരി - മാമ്പുഴക്കരി - കിടങ്ങറ - കുന്നംങ്കരി - കുമാരൻങ്കരി - വാലാടി - മുളക്കാംതുരുത്തി റോഡ് 21.45 | ആലപ്പുഴ | കുട്ടനാട് | 108.88 | 03.03.2021 | കരാർ ഒപ്പു വെച്ചു. |

| | | | | | | |
|---|---|---|---|---|---|---|
| 16 | തട്ടാരമ്പലം - മൈക്കേൽ ജംഗ്ഷൻ - കൊച്ചാലുംമൂട് - മാങ്ങാങ്കുഴി - പന്തളം റോഡ്(18.65 കി.മീ) | ആലപ്പുഴ | ഹരിപ്പാട്, കായംകുളം, മാവേലിക്കര | [illegible] | [illegible].2021 | കരാർ ഒപ്പു വെച്ചു. |
| 17 | മലമേക്കര - കുന്നത്തുകാല -ചാല പുത്തൻചന്ത -ഫാക്ടറി ജംഗ്ഷൻ - ആസാദ് ജംഗ്ഷൻ റോഡ് (7.86 കി.മീ) | പത്തനംതിട്ട | അടൂർ | 28.4 | 08 03.2021 | കരാർ ഒപ്പു വെച്ചു. |
| 18 | ഗാന്ധിനഗർ - മെഡിക്കൽ കോളേജ് - ബാബു ചാഴിക്കാടൻ റോഡ് - കോട്ടയം - പരിപ്പ് റോഡ് - അതിരമ്പുഴ - കൈപ്പുഴ - മാന്നാനം - പുലിക്കുട്ടിശ്ശേരി - പാറോലിക്കൽ - മുട്ടപ്പള്ളി റോഡ്(20.197 കി.മീ.) | കോട്ടയം | ഏറ്റുമാനൂർ | 121.11 | 27 05.2021 | കരാർ ഒപ്പു വെച്ചു. |
| 19 | പത്തനംതിട്ട - അയിരൂർ - മുട്ടുകുടുക്ക - ഇല്ലത്തുപടി - മുട്ടുക്കുടുക്ക- പ്രാക്കാണം - പ്രാക്കാണം ഇലവുംതിട്ട - കുളനട - രാമൻചിറ - താന്നിക്കുഴി - തോന്നിയമല റോഡ് (28.204 കി.മീ.) | പത്തനംതിട്ട | ആറന്മുള | 107.53 | 22 04.2021 | കരാർ ഒപ്പു വെച്ചു. |
| 20 | കുമരകം - നെടുമ്പാശ്ശേരി റോഡ് (എസ്.എച്ച്) (21.4 കി.മീ) | എറണാകുളം | പിറവം | [illegible] | 07 06.2021 | കരാർ ഒപ്പു വെച്ചു. |
| 21 | കക്കാടശ്ശേരി - കാളിയാർ റോഡ് (2.176 കി.മീ. | എറണാകുളം | മൂവാറ്റുപുഴ | 67.91 | 06.07.2021 | കരാർ ഒപ്പു വെച്ചു. |
| 22 | മൂവാറ്റുപുഴ - തേനി എസ്.എച്ച് റോഡ് (16.18 കി.മീ.) | എറണാകുളം | മൂവാറ്റുപുഴ | 67.72 | 06.07.2021 | കരാർ ഒപ്പു വെച്ചു. |

സെക്ഷൻ ഓഫീസർ